


ജി എച്ച് എസ് എസ് തിരുനല്ലൂർ

ലിറ്റിൽകൈറ്റ്സ്2022-25

# എഡിറ്റോറിയൽ

കുട്ടികളുടെ സർഗ്ഗാത്മകത സ്വാഭാവികമായി പൂവണിയാനുള്ള ഒരു ലോഞ്ച് പാഡായിട്ടാണ് മാസികയെ കാണേണ്ടത്. ഈ എളിയ സംരംഭം വളർന്നു വരുന്ന മനസ്സുകളെ സ്വതന്ത്രരാക്കുക എന്നതാണ്. ആത്മാഭിമാനം, സ്നേഹം, വാത്സല്യം, സംവേദനക്ഷമത എന്നിവയുടെ ഒരു കേന്ദ്രമാണ് സ്കൂൾ. കൂട്ടായ പ്രവർത്തനങ്ങളിലൂടെയും ചിന്തകളിലൂടെയും അഭിലാഷങ്ങളിലൂടെയും കെട്ടിപ്പടുക്കുന്ന സ്കൂൾ സ്പിരിറ്റിനെയും മാഗസിൻ പ്രതിനിധീകരിക്കുന്നു . ഇവയെല്ലാം കുട്ടികളിൽ ഉയർന്ന വളർച്ചയ്ക്കും , സംരംഭത്തിനും കാരണമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.



തരുൺ സെബാസ്റ്റ്യൻ ബോബി

2


# എഡിറ്റോറിയൽ ബോർഡ്



തരുൺ



ഗോപിക



ആദിത്യൻ



അഭിജിത്ത്



ശ്രീലക്ഷ്മി

3

# ആശംസ



അക്ഷരങ്ങൾ എന്നും ലോകത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നവയാണ്. നമ്മുടെ മനസ്സിൽ ഉരുത്തി രിഞ്ഞു വരുന്ന ആശയങ്ങളാണ് സൃഷ്ടികളായി മാറുന്നത്. കുറഞ്ഞ സമയം കൊണ്ട് ദളം എന്ന ഡിജിറ്റൽ മാഗസിൻ്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി മാഗസിൻ പൂർത്തീകരിച്ച എല്ലാവർക്കും ആശംസകൾ.

HM

JAYAKUMARI T R

4

കവിത

# കാലം



കാലമേ നീയെനിക്ക്
എന്ത് തന്നു?
പോയ കാലത്തിൻെറ ഓർമ്മ തന്നു
പ്രളയവും കണ്ടു , പേമാരിയും കണ്ടു
കോവിഡിൽ വീണ് തളർന്നു പോയി.
പുത്തൻ പ്രതീക്ഷകൾ നൽകിയ-
ക്ലാസ്സ്മുറികളിൽ എത്തുവാൻ
ഞാൻ ഏറെ കൊതിച്ചതാണ്
സ്കൂളില്ല, മാഷില്ല ,കൂട്ടുകാരുമില്ല
കൂടെ കളിക്കുവാൻ ആരുമില്ല.
ഒറ്റപ്പെടലിന്റെ തടവറയിൽ ഞാൻ
ഒരു നല്ല നാളെയേ കാത്തിരിപ്പൂ....

അനന്തകൃഷ്ണൻ



കവിത

# മഴ


മഴയെത്തും മുമ്പെ ഞാൻ
വീടണയാൻ ഓടിക്കിതച്ചങ്ങ്
പോയിടുമ്പോൾ
ആകാശപ്പൂത്തിരി പോലെ
വന്നല്ലോ.. മഴവെള്ളത്തുള്ളിയല്ലോ.
ഞാനാമഴയിൽ നനഞ്ഞുവല്ലോ
എനിക്കും മേലേയായ് പറന്നുവല്ലോ
പേരറിയാത്തേതോ പക്ഷിയല്ലോ.
കള കളം പാടി അകന്നുവല്ലോ.
ആയിരം ചന്ദ്രൻ ഉദിച്ചപോലെ
വന്നല്ലോ മിന്നലഴകുമായ്
എന്നിലിറങ്ങിയ മഴയേ..
എന്റെ കാൽപ്പാടുകളെ
നീ മായ്ക്കരുതേ.......

ഐശ്വര്യ

6

## കുട്ടികൾ വരച്ച ചിത്രങ്ങൾ







## നമ്മുടെ മലയാളം.



ഇന്ത്യയിൽ കേരള സംസ്ഥാനത്തിലും ഭാഗികമായി കേന്ദ്രഭരണ പ്രദേശങ്ങളായ ലക്ഷദ്വീപിലും പോണ്ടിച്ചേരിയുടെ ഭാഗമായ മാഹിയിലും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും നീലഗിരി ജില്ലയിലെ ഗൂഡല്ലൂർ താലൂക്കിലും സംസാരിക്കപ്പെടുന്ന ഭാഷയാണ് മലയാളം. ഇതു ദ്രാവിഡ ഭാഷാ കുടുംബത്തിൽപ്പെടുന്നു. ഇന്ത്യയിൽ ശ്രേഷ്ഠഭാഷാ പദവി ലഭിക്കുന്ന അഞ്ചാമത്തെ ഭാഷയാണ് മലയാളം. 2013 മെയ് 23-നു ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗമാണ് മലയാളത്തെ ശ്രേഷ്ഠഭാഷയായി അംഗീകരിച്ചത്. ക്ലാസിക്കൽ ലാംഗ്വേജ് എന്ന പദവിയാണ് നൽകിയത്. അതിനു മലയാളത്തിൽ നൽകിയ വിവർത്തനം ആണ് ശ്രേഷ്ഠഭാഷ എന്നത്.

ഇന്ത്യഭരണഘടനയിലെ എട്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷ കൈരളി, മലനാട് ഭാഷ എന്നും അറിയപ്പെടുന്നു.

കേരള സംസ്ഥാനത്തിലെ ഭരണഭാഷയും കൂടിയാണ് മലയാളം. കേരളത്തിനും ലക്ഷദ്വീപിനും പുറമേ തമിഴ്നാട്ടിലെ ചില ഭാഗങ്ങളിലും കന്യാകുമാരി ജില്ല, നീലഗിരി ജില്ല കർണാടകയുടെ ദക്ഷിണ കന്നഡ ജില്ല, കൊടക് ഭാഗങ്ങളിലും ഗൾഫ് രാജ്യങ്ങൾ, സിംഗപ്പൂർ, മലേഷ്യ എന്നിവിടങ്ങളിലെ കേരളീയ പൈതൃകമുള്ള അനേകം ജനങ്ങളും മലയാളം ഉപയോഗിച്ചു പോരുന്നു. ദേശീയ ഭാഷയായി ഉൾപ്പെടുത്തിയത് മറ്റ് 21 ഭാഷകളുടേതുപോലെ തനതായ വ്യക്തിത്വം ഉള്ളതിനാലാണ്. മലയാള ഭാഷയുടെ ഉല്പത്തിയും പ്രാചീനതയും സംബന്ധിച്ച കാര്യങ്ങൾ ഇന്നും അവ്യക്തമാണ്. പഴയ തമിഴിനും മുൻപത്തെ മൂലദ്രാവിഡമാണ് മലയാളത്തിന്റെ ആദ്യ രൂപം എന്നു കരുതുന്നു. യു.എ.ഇ-യിലെ പ്രധാന സംസാര ഭാഷകളിൽ ഒന്ന് മലയാളം ആണ്.മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിനെ പൊതുവായി മലയാളികൾ എന്നു വിളിക്കുമ്പോഴും, ഭാഷയുടെ കേരളീയപാരമ്പര്യം പരിഗണിച്ച് കേരളീയർ എന്നും വിളിച്ചു പോരുന്നു. ലോകത്താകമാനം 4.75 കോടി ജനങ്ങൾ മലയാള ഭാഷ സംസാരിക്കുന്നുണ്ട്.

തങ്കമണി വി ബി

## കുസൃതി ചോദ്യങ്ങൾ

1. ആരും ആഗ്രഹിക്കാത്ത പണം - ആരോപണം

2. ആരും ഇഷ്ടപ്പെടാത്ത ദേശം- ഉപദേശം

3. വിശപ്പുള്ള രാജ്യം - ഹംഗറി

4. കടയിൽ കിട്ടാത്ത ജാം

ട്രാഫിക് ജാം

5. ധാരാളം ആളുകൾ കൂടുന്ന ഇംഗ്ലീഷ് അക്ഷരം- Q

6. കണ്ണുള്ളവർക്കും ഇല്ലാത്തവർക്കും ഒരേ പോലെ കാണാവുന്നത് എന്ത്?

സ്വപ്നം

7. എങ്ങനെ എഴുതിയാലും ശരിയാവാത്തത്?

തെറ്റ്

8. ചിരിക്കുന്ന ഇംഗ്ലീഷ് അക്ഷരം? E

9. ഹിന്ദിക്കാർ പോക്കറ്റിലും മലയാളികൾ അടുപ്പിലും വയ്ക്കുന്ന സാധനം?

കലം

10. ഒഴുക്കാൻ കഴിയുന്ന അക്കം?

ആറ്(6)

പവിത്ര ബിജു

9



## കവിത......നമ്മൾ

ഇരുപുഴയെങ്കിലുമൊ ന്നിച്ചൊരു പുഴയായൊഴുകി.

ഒരേ തീരമൊരേ ആകാശം.

ഒരേ വർഷപ്പെയ്ത്തും വേനലും.

ചെറു കാറ്റലയിൽ പുളകിതരായ് നമ്മളന്യേന്യം.

ആർത്തുല്ലസിച്ചുമിടരാർന്നുമിരുപേർ.

നറുനിലാവൊളി രാഗനിലാവായൊഴുകി നമ്മളിൽ.

മഴവില്ലിനേഴുനിറങ്ങളിലഭിരമിച്ചു,ഇരുണ്ടഗഗനപ്പ രപ്പിൽ ഹതാശരായ്.

ഇപ്പോള സ്തമയമായ്.

അങ്ങ് വിദൂരതയിൽ,

കാണാമരച്ചില്ലയിൽ ചേക്കേറാൻ നേരമായ്...

തങ്കമണി വി ബി



# ലോക തപാൽ ദിനം (World Postal Day)

'പ്രിയപ്പെട്ട...' എന്ന വാക്ക് ഏറ്റവും കൂടുതൽ ഉപയോഗിച്ചിട്ടുണ്ടാകുക കത്തുകളിലൂടെയായിരിക്കും. ആശയ വിനിമയത്തിന്റെ പ്രധാന മാധ്യമമായിരുന്ന ഒരുകാലത്ത് കത്തുകൾ. കത്തുകൾ കൈമാറുന്നതോ തപാലുകൾ വഴിയും. എല്ലാ വർഷവും ഒക്ടോബർ ഒമ്പതിന് ലോക തപാൽ ദിനം ആചരിക്കുന്നു. ഒക്ടോബർ 10 ആണ് ദേശീയ തപാൽ ദിനം.1874 ൽ യൂനിവേഴ്സൽ പോസ്റ്റൽ യൂനിയൻ സ്ഥാപിതമായതിന്റെ ഓർമക്കാണ് ലോക തപാൽ ദിനം ആചരിക്കുന്നത്. 1969 ൽ ജപ്പാനിലെ ടോക്യോയിൽ ചേർന്ന അന്താരാഷ്ട്ര തപാൽ യൂനിയന്റെ ആഹ്വാനപ്രകാരമാണ് തപാൽ ദിനം ആചരിക്കുന്നത്. ലോകത്തിലെ പല രാജ്യങ്ങളും തപാൽ വകുപ്പിന്റെ സേവനത്തെ സ്മരിക്കാനായി ഈ ദിനം ആഘോഷിക്കുന്നു. 'പോസ്റ്റ് ഫോർ പ്ലാനറ്റ്' ആണ് ലോക തപാൽദിനം ഈവർഷം ഉയർത്തിപ്പിടിക്കുന്ന ആശയം.

ബി.സി ഇരുപത്തിയേഴാം നൂറ്റാണ്ടിലാണ് ആദ്യമായി ഒരു പൊതു പോസ്റ്റൽ സേവന മാർഗം യാഥാർഥ്യമായത്. റോമൻ ചക്രവർത്തി അഗസ്റ്റസ് സീസറാണ് ആദ്യമായി ഇങ്ങനെ ഒരു സംവിധാനത്തിന് തുടക്കമിട്ടത്. അന്ന് തുടങ്ങിയ തപാൽ വിപ്ലവം അൽപം മാറ്റംവന്നാലും ഈ ഡിജിറ്റലൈസേഷൻ ഘട്ടത്തിലും തുടരുന്നു.

◇ ചരിത്രവും പ്രാധാന്യവും

1969 ലാണ് ആദ്യമായി ലോക പോസ്റ്റൽ ദിനം ആചരിച്ചത്. ജപ്പാനിലെ ടോക്യോയിൽ നടന്ന യു.പി.യു കോൺഗ്രസിൽവെച്ചായിരുന്നു അത്. ലോക പോസ്റ്റൽ ദിനാഘോഷത്തിന്റെ കരട് പ്രതി ആദ്യമായി സമർപ്പിച്ചത് ഇന്ത്യക്കാരനായ ആനന്ദ മോഹൻ നാരുല ആയിരുന്നു. അന്നുമുതൽ പോസ്റ്റൽ സേവനങ്ങളുടെ പ്രാധാന്യം അനുസ്മരിക്കുന്നതിനായാണ് ഈ ദിനം ആഘോഷിക്കുന്നത്. എല്ലാ വർഷവും യു.പി.യുവിൽ അംഗങ്ങളായ എല്ലാ രാജ്യങ്ങളും തപാൽ സംവിധാനത്തിന്റെ പ്രാധാന്യം ഉയർത്തിപ്പിടിച്ച് ഈദിവസം ആചരിക്കുന്നു. പല രാജ്യങ്ങളും പ്രത്യേക സ്റ്റാമ്പ് പ്രദർശനങ്ങൾ നടത്തിയും പുതിയ പോസ്റ്റൽ

സംരംഭങ്ങൾ അവതരിപ്പിച്ചുമാണ് ഈ ദിവസത്തെ അടയാളപ്പെടുത്തുന്നത്. ഇന്ത്യയിൽ ഒരാഴ്ച നീണ്ട പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

◇ ചുവന്നപെട്ടി

11

17-ാം നൂറ്റാണ്ടിൽ പാരിസിലാണ് ആദ്യമായി പോസ്റ്റ് ബോക്സ് നിലവിൽ വന്നത്. ഫ്രാൻഷ്വാ ഡി മെലായൻ എന്ന ഫ്രഞ്ചുകാരനാണ് ഈ എഴുത്തുപെട്ടി രൂപകൽപന ചെയ്തത്. നിറം പച്ചയായിരുന്നു. 1874 ൽ അത് ചുവപ്പാക്കി. ബ്രിട്ടനിലും പോസ്റ്റ് ബോക്സിന്റെ നിറം ചുവപ്പായിരുന്നു. ബ്രിട്ടീഷ് അധീന പ്രദേശങ്ങളിലും അവർ ആ നിറം തന്നെ ഉപയോഗിച്ചു. അങ്ങനെ നമ്മുടെ നാട്ടിലെ പോസ്റ്റ് ബോക്സും ചുവപ്പായി. എന്നാൽ, നീല തപാൽപെട്ടികളുമുണ്ട് നമ്മുടെ നാട്ടിൽ. തൊട്ടടുത്ത നഗരങ്ങളിലേക്ക് എത്രയും പെട്ടെന്ന് എത്തിക്കാനുള്ള കത്തുകൾ ഇടുന്ന പെട്ടികൾക്കായിരുന്നു ഈ നിറം കൊടുത്തിരുന്നത്. മുംബൈ, കൊൽക്കത്ത, ഡൽഹി, ചെന്നൈ, ബംഗളൂരു, ഹൈദരാബാദ് എന്നിവിടങ്ങളിലാണ് ഇവ ആദ്യം സ്ഥാപിച്ചത്. ഐക്യകേരളം രൂപപ്പെടുന്നതിനുമുമ്പ് തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടായിരുന്ന തപാൽപെട്ടികൾക്ക് പച്ച നിറമായിരുന്നു. അഞ്ചൽപെട്ടികൾ എന്നാണ് ഇവ അറിയപ്പെട്ടിരുന്നത്.

◇ ഠപ്പാലിൽനിന്നും തപാലിലേക്ക്

മറാഠി ഭാഷയിലെ ഠപ്പാൽ എന്ന പദത്തിൽനിന്നാണ് തപാൽ എന്ന പേരുവന്നത്. സൂക്ഷിക്കുക എന്നർഥം വരുന്ന പൊസിറ്റസ് എന്ന ലാറ്റിൻ പദത്തിൽനിന്നാണ് പോസ്റ്റ് എന്ന ഇംഗ്ലീഷ് വാക്കുണ്ടായത്.

◇ ഇന്ത്യയും തപാൽ സേവനവും

ഇന്ത്യയിലെ പുരാതന പൊതുമേഖല സ്ഥാപനമാണ് ഇന്ത്യൻ പോസ്റ്റ്. ലോകത്ത് തന്നെ ഏറ്റവും വലിയ തപാൽ സംവിധാനമുള്ള രാജ്യമാണ് ഇന്ത്യ. ബ്രിട്ടീഷ് ഇന്ത്യയുടെ സ്ഥാപകരിലൊരാളായ ലോർഡ് റോബർട്ട് ക്ലൈവിന്റെ കാലത്താണ് (1764 ൽ) ഇന്നു കാണുന്ന പോസ്റ്റൽ സമ്പ്രദായം നിലവിൽ വന്നത്. എങ്കിലും വളരെ പുരാതന കാലത്ത് തന്നെ സന്ദേശവാഹകർ മുഖേന കത്തുകൾ കൈമാറിയിരുന്ന ഒരു പൊതുസംവിധാനം നിലവിലുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. അക്ബർ ചക്രവർത്തിയുടെ മുഗൾ ഭരണകാലത്ത് തപാൽ സർവിസുകൾ നിലനിന്നിരുന്നുവെന്ന് ചരിത്രത്തിൽ കാണാം.

◇ അഞ്ചലോട്ടക്കാർ

കേരളത്തിൽ ഒരു സമാന്തര തപാൽ സേവനം നിലവിലുണ്ടായിരുന്നു, അഞ്ചൽ. പഴയ കാലത്ത് നിലനിന്നിരുന്ന സന്ദേശവാഹക ഏർപ്പാടിനെ, ബ്രിട്ടീഷ് ഇന്ത്യയിൽ കേണൽ മൺട്രോ പരിഷ്കരിച്ച

സമ്പ്രദായമാണ് അഞ്ചൽ. സന്ദേശവാഹകൻ, ദൈവദൂതൻ എന്നെല്ലാം അർഥമുള്ള ആഞ്ചെലസ് എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് അഞ്ചൽ എന്ന വാക്കിന്റെ ഉത്ഭവം. സന്ദേശം എത്തിക്കുന്നവരെ അഞ്ചലോട്ടക്കാരെന്നു വിളിച്ചിരുന്നു. റോഡുകൾക്ക് നിശ്ചിത ദൂരത്തിലായി അഞ്ചലോട്ടക്കാർ നിന്നിരുന്നു. ഇവർ ഒരു നിശ്ചിത ദൂരം സന്ദേശം കൊണ്ട് ഓടി അടുത്തയാൾക്ക് കൈമാറും. ഇങ്ങനെയാണ് സന്ദേശങ്ങൾ ഒരിടത്തുനിന്ന് മറ്റൊരിടത്ത് എത്തിച്ചിരുന്നത്. അഞ്ചലോട്ടക്കാരന് സമൂഹത്തിൽ ഏറെ സ്ഥാനവും മാനവുമുണ്ടായിരുന്നു. കാക്കി നിക്കറും ഉടുപ്പും തലയിൽ ചുവന്ന കരയുള്ള കാപ്പി തൊപ്പിയും, കൈയിൽ കുന്തംപോലൊരു വടി, അരയിൽ മണികെട്ടിയ അരപ്പട്ട, തോളിൽ കത്തുകൾ നിറച്ച തുകൽ സഞ്ചി - ഇതായിരുന്നു അഞ്ചലോട്ടക്കാരന്റെ വേഷം. വടി ഉയർത്തിപ്പിടിച്ച് വഴിയുടെ നടുവിലൂടെ അയാൾ ഓടും. അപ്പോൾ അരപ്പട്ടയിലെ മണി ഉറക്കെ കിലുങ്ങും. അതു കേട്ട് ആളുകൾ വഴിമാറിക്കൊടുക്കണം. അതാണ് നിയമം. അഞ്ച് അടിയോളം ഉയരമുള്ള പച്ച നിറത്തിൽ ഉരുക്കുകൊണ്ടുണ്ടാക്കിയ പെട്ടികളാണ് അഞ്ചൽ പെട്ടികൾ. മുകളിൽ തിരുവിതാംകൂറിന്റെ രാജമുദ്രയായ ശംഖ് സ്ഥാപിച്ചിട്ടുണ്ടാവും. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചതോടെ ഈ അഞ്ചൽ തപാൽ ഇന്ത്യൻ തപാൽ ഡിപ്പാർട്ട്മെന്റിൽ ലയിച്ചു.

◇ ഇന്ത്യൻ പോസ്റ്റൽ സംവിധാനം

ബ്രിട്ടീഷ് ഇന്ത്യയിൽ 1764 ൽ ഇന്ത്യൻ പോസ്റ്റൽ സംവിധാനം നിലവിൽവന്ന ശേഷം 1774-ൽ ബ്രിട്ടീഷ് ഇന്ത്യയിലെ ആദ്യ ബംഗാൾ ഗവർണറായിരുന്ന വാറൻ ഹേസ്റ്റിങ്സ് ഇന്ത്യയിലെ ആദ്യ പോസ്റ്റ് ഓഫിസ് ആയ കൽക്കട്ട ജി.പി.ഒ സ്ഥാപിച്ചു. 1854 ൽ ബ്രിട്ടീഷ് ഗവർണർ ജനറലായിരുന്ന ഡൽഹൗസി പ്രഭുവിന്റെ കാലത്താണ് പോസ്റ്റ് ഓഫിസ് ആക്ട് നിലവിൽ വന്നത്. 1852-ൽ സിന്ധിൽ ആദ്യത്തെ തപാൽ സ്റ്റാമ്പ് പുറത്തിറക്കി. സ്വതന്ത്ര ഭാരതത്തിലെ പ്രഥമ സ്റ്റാമ്പ് 1947 നവംബർ 21 നാണ് പുറത്തിറക്കുന്നത്. ഇതിൽ ആലേഖനം ചെയ്തിരിക്കുന്നത് ത്രിവർണ പതാകയാണ്.

ഇന്ത്യൻ സായുധസേനകൾക്ക് പ്രത്യേകമായി ഒരു ആർമി തപാൽ സർവീസുണ്ട്. വിമാനം വഴി തപാലുകൾ മേൽവിലാസക്കാരന് എത്തിച്ചുകൊടുക്കാമെന്ന് ലോകത്തിന് ആദ്യമായി കാണിച്ചുകൊടുത്ത രാജ്യം കൂടിയാണ് ഇന്ത്യ. ലോകത്ത് ഏറ്റവും ഉയരത്തിലുള്ള പോസ്റ്റ് ഓഫിസ് എന്ന റെക്കോഡും ഇന്ത്യക്ക് സ്വന്തം. ഹിമാചൽ പ്രദേശിലെ ഹിക്കിമിലുള്ള പോസ്റ്റ് ഓഫിസാണത്. 4700 മീറ്റർ ഉയരത്തിൽ (പിൻ 172114). ജമ്മു-കശ്മീരിലെ ശ്രീനഗറിൽ ദാൽ തടാകത്തിലൂടെ 'ഒഴുകുന്ന പോസ്റ്റ് ഓഫിസ് പ്രവർത്തിക്കുന്നുണ്ട് (പിൻ 191202). ഇന്ത്യാ രാജ്യത്തിനു പുറത്തും ഒരു ഇന്ത്യൻ പോസ്റ്റ് ഓഫിസ് സ്ഥാപിച്ചിട്ടുണ്ട് എന്നത് കൗതുകകരമായ വാർത്തയാണ്.അന്റാർട്ടിക്കയിലെ ദക്ഷിൺ ഗംഗോത്രി എന്ന സ്ഥലത്താണ് 1983 ൽ സ്ഥാപിതമായ ഒരു ഇന്ത്യൻ പോസ്റ്റ് ഓഫിസ് പ്രവർത്തിക്കുന്നത്...!!

ആദിത്യൻ എസ്

# സൗഹൃദം

സായന്തനങ്ങളിലെയിളം കാറ്റ്പോലെത്ര ലോലമാണ്
സൗഹൃദമെന്നെന്നും
ഇത്തിരികൊണ്ടൊത്തിരിയാക്കുന്നീ
ഇടവേളകളെത്ര മനോഹരം
നേരമ്പോക്കിൻ ദലമർമ്മരങ്ങൾ
കിളിമൊഴികളുയരുന്ന വേളകൾ
മധുരനർമ്മഭാഷണമുയരവേ
കണ്ണിലൊരായിരം പൂത്തിരി കത്തുന്നു
എന്തുമാർക്കും പറയാൻ മടിയില്ല
കുടഞ്ഞുചിരിച്ചാർക്കുമുല്ലാസവേളകൾ
ആലോലവായുവിൽ സുമങ്ങൾ പോലവേ
മന്ദമായിളകുന്നദേഹങ്ങൾ
ഇല്ലാ മനസ്സിൽ കറയും വിദ്വേഷവും
നിഷ്കളങ്കമനസ്സിന്റെ കൂട്ടായ്മ
കൊച്ചുവണ്ണാത്തിപ്പുള്ളുകൾ പാടുന്ന
ഗ്രാമത്തിന്റെ യാകമ്പടിക്കാരനും
പച്ചപ്പട്ടണപ്പരിഷ് ക്കാരിതന്നെയും
പക്ഷെയിവിടൊരുപോലല്ലയോ
കൃഷ്ണ കുചേല സമഭാവന ചാരുവായ്
ജീവസ്സാർന്നിവിടെ വിലസ്സുന്നു
ഇത്രമേൽ ചാരുവായൊരു ബന്ധം
സൗഹൃദം പോലെ മറ്റെന്തുണ്ടീയുലകിൽ
എത്രകാലത്തിനപ്പുറത്തെങ്കിലും
വാടാമലരായ് ഗന്ധമേകുന്നു സൗഹൃദം

തങ്കമണി വി ബി



# പറവ

പറവയായ് പിറന്നെങ്കിൽ
ആകാശം തൊട്ടു തലോടി
പറന്നുയരാം.
മഴവില്ലഴകിൽ ഊഞ്ഞാൽ
            തീർത്തിടാം.
നിലാവഴകാൽ ചന്ദ്രനോടൊത്ത്
            കളിച്ചിടാം.
മിന്നലഴകായ് വന്ന് ഭൂമിയെ
തൊട്ടു തഴുകി പറന്നുയരാം.
സൂര്യതാപത്തിൽ തളർന്നിടാതെ
നക്ഷത്രകോട്ടക്കള്ളിൽ ഒളിച്ച്
എന്നും കത്തുന്നൊരു കെടാവിളക്കായ്
                        നിന്നു കത്തിടാം.
വരണ്ടുണങ്ങിയ ഭൂമിക്കാശ്വാസമാം
മഴയായി ഞാൻ എന്നും പെയ്തൊഴിയാം.
പച്ചപ്പണിയിച്ചൊരു സുന്ദരിയാക്കിടാം
ചിറകുകളിൽ നക്ഷത്രങ്ങൾ പതിച്ച്
ഭൂമിയിലേക്ക് പറന്നിറങ്ങി
എങ്ങും നന്മയുടെ വെളിച്ചം വിതറാം

സായന്ത് വി എസ്





15





# ക്വിസ്

1. ഇന്ത്യയിൽ ഏറ്റവും അധികം ജൈന മതക്കാരുള്ള സംസ്ഥാനം ഏത്?

മഹാരാഷ്ട്ര

2. ഡൽഹിയെ ദേശീയ തലസ്ഥാന പ്രദേശമായി പ്രഖ്യാപിച്ച ഭരണഘടനാ ഭേദഗതി ഏത്?

69-ാം ഭേദഗതി

3. സംസ്ഥാന മന്ത്രിസഭ പിരിച്ചു വിടുവാൻ ആർക്കാണ് അധികാരം ഉള്ളത്?

ഗവർണ്ണർ

4. തവിട്ട് കൽക്കരി എന്നറിയപ്പെടുന്നത് എന്ത്?

ലിഗ്നൈറ്റ്

5. ലോകത്തിലെ ഏറ്റവും വിശദമായ ചാന്ദ്ര ഭൂപടം പുറത്തിറക്കിയ രാജ്യം?

ചൈന

6. ഓരോ സിഗരറ്റിലും ആരോഗ്യ മുന്നറിയിപ്പ് രേഖപ്പെടുത്തുന്ന ആദ്യ രാജ്യം?

കാനഡ

7. മനുഷ്യന്റെ സഹായം ഇല്ലാതെ സെപ്റ്റിക് ടാങ്കുകൾ വൃത്തിയാക്കുന്ന IIT മദ്രാസ് വികസിപ്പിച്ച റോബോട്ടിന്റെ പേര്?

Homo SEP

8. മൊബൈൽ ഫോണിന് അടിമപ്പെടുന്ന കുട്ടികളെ അതിൽ നിന്നും മോചിതരാക്കാനുള്ള കേരള പോലിസിന്റെ പദ്ധതി?

കുട്ട്

9. ആരോഗ്യ സംരക്ഷണത്തിനായി വാണിജ്യ ഡ്രോൺ ഉപയോഗിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം?

ഉത്തരാഖണ്ഡ്

10. രാജ്യത്തെ ആദ്യ സോളാർ ക്രൂസിയർ?

ഇന്ദ്ര

ശ്രാവൺകൃഷ്ണ

# A GLIMPSE INTO THE PAST

GHSS Thirunalloor, the only government higher secondary school in Pallipuram  Panchayat, is located in the Cherthala Thaluk of Alappuzha district. The school records a lineage of approximately 75 years. It is estimated that in the early quarters of the 20th century, a primary school was established in the Thirunalloor village. Initially it was located in a place called Kandakadavu in the 11th ward of Thaykkattusseri in Cherthala taluk of Alappuzha district. Later it was shifted to Toppilkovilakath, in the 9th ward.


Great personalities like Sri. Godhavarmathamban, Parimanathukovilakam Kalavelil Sri. Krishnan Kollamparambil Kovilakath, Sri Pathmanabhan Nair has played a vital role in the formation of this institution.

This school was established at its current location in 1934 as an LP School and was later upgraded to UP in 1960 and HSin 1964  respectively. And by 2004 it was again upgraded to a Higher Secondary School.



TARUN SEBASTIAN BOBY

## *CHILDHOOD MEMORIES*



## NEHAL BOBY

One day my father and mother wanted to attend a function. It was so far. They would take two or three days to return. So they decided to leave me with my grandparents.
I packed my clothes and necessary things in a bag. My mother gave me a first aid box, a flask, some biscuits and fruits to eat. Then she gave an advice, obey grand mother and grand father, spend more time with them and help them in household works.

Next day we went to,'Eresseril'-my grandparents house. I opened the door of our car and sat in the back seat. My grandfather has a vegetable farm. There are lot of bananas and pumpkins.My grandfather knew that I like bananas and pumpkins very much. On the way, we saw a beautiful garden full of rose, Marigold and some medicinal plants like tulsi, kurunthotti, turmeric,etc. We spent some time there. Sky was cloudy. We saw a rainbow.I gazed at it.

My grandfather called my father and asked, "Where are you? We had prepared khichdi for our grand daughter. When we reached Eresseril house, I saw my grandmother and grandfather anxiously waiting for me at the verandah. I told my grandmother about the garden and rainbow. She gave me the khichdi. It was delicious. Next morning I woke up early and went to the farm with my grandfather. He taught me some tips of farming. By noon, we were back home for lunch. We saw many native birds and animals. My Grandfather told me about their names and tricks they use to escape from enemies.

When we reached home grandmother starting to serve food. I noticed a wound in her finger. I took my first aid box and bandaged her wound. And told them that mom wanted me to help them in the households. "Please let me do...", I pleaded. They laughed. My grandmother taught me how to cut vegetables and how to make puttu and kadala curry. And I serve them. We ate happily.
The next morning my grandfather led me to the cow's shed. And taught me the techniques of milking the cow. It was hard for me but I liked it. Then I helped Rajappan chetten -grandfather's assistant to clean the cowshed.

Rajappan chetten told me that he also have a granddaughter like me. And today they celebrate her birthday. I want to meet that birthday girl. We went there. It was a small house with beautiful chembarathy garden and white sandy courtyard. I greeted her and she introduced me to her friends. We played together and enjoyed it a lot. I'm very happy because I got new friends.

***My mother called me at night and said, they will arrive by tomorrow morning, to take me back. My eyes filled with tears. Grandfather and grandmother were also sad. I hugged my grandmother.While sitting in the back seat of our car, I looked back. Grandmother and grandfather were waving at me. Tears rolled down from my eyes.***



## പഴഞ്ചൊല്ലുകൾ

1.അച്ഛൻ ആനപ്പുറത്ത് കയറിയാൽ മകന് തഴമ്പുണ്ടാകുമോ

2.അടിതെറ്റിയാൽ ആനയും വീഴും

3.അട്ടയെപ്പിടിച്ച് മെത്തയിൽ കിടത്തിയാൽ ആത് കിടക്കുമോ?

4.അണ്ണാൻ കുഞ്ഞിനും തന്നാലായത്

5.അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ

6.അണ്ണാനെ മരം കയറ്റം പഠിപ്പിക്കണൊ?

7.അരിയും തിന്നു ആശാരിച്ചിയേം കടിച്ചിട്ട് പിന്നേം നായക്ക് മുറുമുറുപ്പ്

8.അരിയെറിഞ്ഞാൽ ആയിരം കാക്ക

9.ആടറിയുമോ അങ്ങാടിവാണിഭം

10.ആട്ട കിടന്നിടത്ത് പൂട പോലുമില്ല

11.ആന കൊടുത്താലും ആശ കൊടുക്കരുത്

12.ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടാമോ

13.ആന വലിച്ചാൽ ഇളാകാത്തൊരുതടി ശ്വാവിനെക്കൊണ്ട് ഗമിക്കായി വരുമൊ?

14.ആന വാ പൊളിക്കുന്നത് കണ്ടിട്ട് അണ്ണാൻ വാ പൊളിച്ചാൽ കാര്യമില്ല

15.ആന വായിൽ അമ്പഴങ്ങ

16.ആലിൻപഴം പഴുത്തപ്പോൾ കാക്കയ്ക്ക് വായപ്പുണ്ണ്

17.ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴക്കും ശിഷ്യന്

18.ആളുകൂടിയാൽ പാമ്പ് ചാവില്ല

19.ഇരിക്കേണ്ടവൻ ഇരിക്കേണ്ടിടത്തിരുന്നില്ലെങ്കിൽ അവിടെ പട്ടി കയറി ഇരിക്കും

20.ഇള നാ കടി അറിയുമോ ഇളംപോത്ത് വെട്ടറിയുമോ?

21.എലിയെ പേടിച്ച് ഇല്ലം ചുടുക

22.ഏട്ടിലെ പശു പുല്ല് തിന്നുമോ?

23.ഒരു വെടിക്കു രണ്ടു പക്ഷി

24.ഓടുന്ന പട്ടിയ്ക്കു ഒരു മുഴം മുൻപേ

25.കടുവയുടെ കയ്യിൽ കുടൽ കഴുകാൻ കൊടുക്കുക. കഥ മലയാളം

26.കരിമ്പുകൊണ്ടടിച്ച കഴുത കരിമ്പിൻ രുചിയറിയുമോ

27.കാക്ക കുളിച്ചാൽ കൊക്കാകുമോ

28.കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്

29.കാക്കയുടെ വിശപ്പും മാറും ,പശുവിന്റെ കടിയും മാറും .

30.കുടൽ കാഞ്ഞാൽ കുതിരവയ്ക്കോലും തിന്നും

31.കുരക്കുന്ന പട്ടി കടിക്കില്ല

32.കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ

33.കുരങ്ങൻറെ കയ്യിലെ പൂമാല പോലെ

34.കൈ വിട്ട കല്ലും, വായ് വിട്ട വാക്കും

35.കൊക്കെത്ര കുളം കണ്ടതാ

36.ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൌതുകം

37.ഗതികെട്ടാൽ പുലി പുല്ലും തിന്നും

38.ഗരുഡൻ ആകാശത്തിൽ പറക്കും, ഈച്ച അങ്കണത്തിൽ പറക്കും

39.ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

40.ചൂടുവെള്ളത്തിൽ വീണ പൂച്ചക്ക് പച്ചവെള്ളം കണ്ടാലും പേടി

കാശിനാഥ് മനു



**BRANCHES OF SCIENCE**



| | | |
|---|---|---|
| Study of bones | : | Osteology |
| Study of kidney | : | Nephrology |
| Study of liver | : | Hepatology |
| Study of blood | : | Hematology |
| Study of skin | : | Dermatology |
| Study of hearts | : | Cardiology |
| Study of cancer | : | Oncology |
| Study of hair | : | Trichology |
| Study of brain | : | Encephilology |
| Study of cells | : | Cytology |
| Study of tissues | : | Histology |
| Study of fungi | : | Mycology |
| Study of virus | : | Virology |
| Study of universe | : | Cosmology |
| Study of birds | : | Ornithology |
| Study of fruits | : | Pomology |
| Study of soil | : | Pedology |
| Study of languages | : | Philology |
| Study of air | : | Aerology |
| Study of algae | : | Phychology |
| Study of egg | : | Oology |
| Study of dream | : | oneirology |
| Study of nails | : | Cosmetology |

vismaya s

## REVIEW OF THE FILM 12$^{th}$ FAIL



The movie **12$^{th}$ FAIL** is directed by ***Vidhu Vinod Chopra in which Vikrant Massey and Medha Shankar shows up as leading actors is a movie released at the time when the moral compass of our films resembles a routine wheel, then here comes an inspirational tale that truthfully celebrates probity in public and private life. Returning to the turn sites after a while with a story of hope and resilience, film maker Vidhu Vinod Chopra maps how a worthy son of the soil, a species that is becoming endangered in cinematic landscape, overcomes poverty and corruption to negotiate the toughest exam of the country. The tune is a little bit didact and its treatment gets a bit overstated but it is a big hearted film that hugs you tight with its message of human goodness. Chopra has successfully generated the delightful feeling in the past with his productions Munna Bahi MBBS, 3 idiots and 12th Fail, feels like they are spiritual cousins from Hindi heart land.***

***TARUN SEBASTIAN***



# ജീവിതത്തിന്റെ മൂല്യം

ഒരു ദിവസം ക്ലാസ് തുടങ്ങുന്നതിനു മുൻപെ അധ്യാപകൻ ഒരു അഞ്ഞൂറ് രൂപാ നോട്ട് ഉയർത്തി കാണിച്ച് ചോദിച്ചു" ഇതാ ഞാൻ ഈ നോട്ട് നിങ്ങളിലൊരാൾക്ക് സൗജന്യമായി നൽകാം. ആർക്കാണ് വേണ്ടത്?

" എനിയ്ക്ക്! " സംശയലേശമന്യേ എല്ലാവരും ഒരേ സ്വരത്തിൽ വിളിച്ചു പറഞ്ഞു. അധ്യാപകൻ ആ നോട്ട് കയ്യിലിട്ടു ചുരുട്ടി. നന്നായി ചുളുങ്ങിയ ആ നോട്ട് ഉയർത്തി പിടിച്ച് അദ്ദേഹം ചോദിച്ചു. " ഇപ്പോഴോ? ആർക്കൊക്കെയാണ് ഈ നോട്ട് വേണ്ടത്?" അപ്പോഴും എല്ലാ കുട്ടികളും ഒരു പോലെ തനിക്കു നോട്ടു വേണമെന്നു പറഞ്ഞു. ഇത്തവണ അധ്യാപകൻ ആ നോട്ട് താഴെയിട്ടു ചവിട്ടി, തറയിലെ പൊടിയിൽ കിടന്ന് അഴുക്കുപിടിച്ച ആ നോട്ട് കയ്യിലുയർത്തി അദ്ദേഹം വീണ്ടും ചോദിച്ചു." ഇനിയിതാർക്കെങ്കിലും വേണോ?" ഒരാളുടേയും കൈ താഴ്ന്നില്ല. എല്ലാവരും നോട്ട് വേണമെന്നു തന്നെ പറഞ്ഞു." അതെന്താണ് ഇത്ര മുഷിഞ്ഞിട്ടും ഈ വൃത്തിയില്ലാത്ത നോട്ട് വേണമെന്ന് നിങ്ങൾ പറയുന്നത്?" എത്ര മുഷിഞ്ഞാലും അത് അഞ്ഞൂറ് രൂപ തന്നെയല്ലേ?" അവർ തിരിച്ചു ചോദിച്ചു.

" അതേ അത് തന്നെയാണ് നമ്മുടെ ഇന്നത്തെ ജീവിത പാഠം. എത്ര മുഷിഞ്ഞാലും ഈ അഞ്ഞൂറ് രൂപ നോട്ടിന്റെ മൂല്യം ഒട്ടും കുറയുന്നില്ല. അത് പോലെ തന്നെയാണ് നമ്മുടെ ജീവിതവും. ജീവിതത്തിൽ പലപ്പോഴും അഴുക്കു പുരണ്ടേക്കാം, വലിച്ചെറിയപ്പെട്ടേക്കാം, ചവിട്ടിതാഴ്ത്തപ്പെട്ടേക്കാം. എത്ര പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നാലും നമ്മുടെ ജീവിതത്തിന്റെ മൂല്യം ഒരിക്കലും കുറയുന്നില്ല. എത്ര ചെളി പറ്റിയാലും സ്വന്തം ജീവിതത്തെ സ്നേഹിക്കണം. നമ്മുടെ വില നമ്മൾ അറിഞ്ഞിരിക്കണം.

ശ്രീലക്ഷ്മി ആർ

# *PHOTO GALLERY*















KERALA STATE
ATHLETICS CHAMPIONSHIP
38–ാമത് ദേശീയ ജൂനിയർ
അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത
അഭിനവ് ശ്രീറാമിന്
അഭിനന്ദനങ്ങൾ
സ്റ്റാഫ് & PTA, ജി.എച്ച്.എസ്.എസ് തിരുനല്ലൂർ



